പതിനഞ്ചാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2023-2026)

## ഒൻപതാമത് റിപ്പോർട്ട്

[സമിതി (2016-19) യുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

(2024 ഫെബ്രുവരി 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
(2023-2026)

ഒൻപതാമത് റിപ്പോർട്ട്

[സമിതി (2016-19) യുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

(2024 ഫെബ്രുവരി 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം I. സമിതിയുടെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടിയും | .. | |
| അദ്ധ്യായം II. സമിതിയുടെ തുടർശിപാർശ സംബന്ധിച്ച വിശദാംശം | .. | |

## പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
## (2023-26)

### ഘടന

**ചെയർമാൻ**

ശ്രീ. എ. സി. മൊയ്തീൻ

**അംഗങ്ങൾ**

ശ്രീ. എ. കെ. എം. അഷ്റഫ്

ഡോ. കെ. ടി. ജലീൽ

ശ്രീ. മാണി സി. കാപ്പൻ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. പ്രമോദ് നാരായൺ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്.

ശ്രീമതി ദീപ വി., ജോയിന്റ് സെക്രട്ടറി.

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീമതി ഷീജ പി. കെ., അണ്ടർ സെക്രട്ടറി.

## ആമുഖം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി(2023-2026)യുടെ ചെയർമാനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി(2016-19)യുടെ ഒന്നാമത് റിപ്പോർട്ട് 02.11.2016-ന് സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്. ഈ റിപ്പോർട്ടിൽ രണ്ട് അധ്യായങ്ങളാണുള്ളത്. സമിതി (2016-19)യുടെ ഒന്നാമത് റിപ്പോർട്ടിലെ (പ്രവാസി മലയാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച റിപ്പോർട്ടുകൾ ഒന്നാം അധ്യായത്തിലും സമിതിയുടെ തുടർശിപാർശ രണ്ടാം അധ്യായത്തിലും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്

2024 ഫെബ്രുവരി 5-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2024 ഫെബ്രുവരി 13

**എ. സി. മൊയ്തീൻ,**
ചെയർമാൻ,
പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.

# റിപ്പോർട്ട്

കേരളത്തിന്റെ സാമൂഹിക സാമ്പത്തിക പശ്ചാത്തലം പരിശോധിക്കുമ്പോൾ നമ്മുടെ സർവതോന്മുഖമായ വികസനത്തിന് പ്രവാസി സമൂഹത്തിന്റെ സംഭാവന വിലമതിക്കാനാകാത്തതാണ്. മാത്രമല്ല സംസ്ഥാനത്തിന്റെ സാമ്പത്തിക-സാമൂഹിക-വ്യാപാര വികസന ഘടനയുടെ ശക്തമായ നിലനിൽപ്പിന് കൈത്താങ്ങായി വർത്തിച്ചിട്ടുള്ളത് പ്രവാസികളുടെ പ്രവർത്തനങ്ങളാണ്. വിദേശ നിക്ഷേപം, വ്യാപാരം, സാങ്കേതികവിദ്യയിലേക്ക് അതിവേഗത്തിലുള്ള പുരോഗതി, സാമ്പത്തിക അടിത്തറ പാകൽ എന്നിവയിലൂടെ പ്രവാസികൾ രാജ്യത്തിന്റെ വികസനത്തിന് മികച്ച സംഭാവന നൽകുന്നു. പ്രവാസ ലോകത്ത് നിന്നും ആർജ്ജിച്ചെടുക്കുന്ന അറിവും ഉയർന്ന തൊഴിൽ സംസ്കാരവും മികച്ച സാങ്കേതിക പരിജ്ഞാനവും നൂതന തൊഴിൽ പരിശീലനവും ലക്ഷ്യബോധവും തൊഴിലിനോടുള്ള ആത്മ സമർപ്പണവും നാടിന്റെ പുരോഗതിക്ക് പ്രയോജനകരമാണ്.

പ്രവാസി മലയാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ ഫലപ്രദമായ നടപടികൾ ആവശ്യമാണെന്ന സമിതിയുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി സമിതി നടത്തിയ ചർച്ചയിൽ നിന്ന് ലഭിച്ച വിവരങ്ങളും ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളും സമിതിയുടെ ശിപാർശകളും കൂടി ഉൾപ്പെടുത്തി തയ്യാറാക്കിയ പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2016-19)യുടെ ഒന്നാമത് റിപ്പോർട്ട് (പ്രവാസി മലയാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച്) 2016 നവംബർ 2-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി.

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2016-19)യുടെ ഒന്നാമത് റിപ്പോർട്ടിൽ 25 ശിപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ കേരളീയ പ്രവാസികാര്യം, ഗതാഗതം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ നടപടി പത്രികകൾ 01.09.2021, 04.05.2022, 20.12.2023 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി അംഗീകരിക്കുകയുണ്ടായി.

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2016-19)യുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകൾ/നിർദ്ദേശങ്ങൾ എന്നിവയ്ക്ക് കേരളീയ പ്രവാസികാര്യം, ഗതാഗതം എന്നീ വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി പത്രികകൾ സമിതി ആവശ്യപ്പെട്ട അധികവിവരങ്ങൾ, അവയ്ക്ക് വകുപ്പുകൾ ലഭ്യമാക്കിയ മറുപടികൾ എന്നിവ ഉൾപ്പെടുത്തി സമിതി അംഗീകരിച്ച മറുപടികൾ ഒന്നാം അധ്യായത്തിലും സമിതി ആവശ്യപ്പെട്ട അധികവിവരത്തിന്മേൽ വകുപ്പ് നൽകിയ മറുപടി പരിഗണിച്ച് സമിതി നൽകിയ തുടർശിപാർശകൾ രണ്ടാം അധ്യായത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു.

## അധ്യായം I

## സമിതിയുടെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടിയും

### ശിപാർശ-1 (ഖണ്ഡിക-8)

സമീപകാലങ്ങളിലായി ഗൾഫ് മേഖലയിൽ രൂപംകൊണ്ട പ്രതിസന്ധികൾ അവിടങ്ങളിൽ നിന്നും അന്യരാജ്യ തൊഴിലാളികളെ പ്രത്യേകിച്ചും മലയാളികളെ പുറംതള്ളുന്ന സ്ഥിതിവിശേഷം സൃഷ്ടിച്ചിരിക്കുകയാണ്. അവിദഗ്ധ തൊഴിലാളികളെയാണ് ഇത് കൂടുതലായി ബാധിക്കുന്നത്. സംസ്ഥാനത്തിന്റെ സാമ്പത്തിക സാമൂഹ്യ ഘടനയ്ക്ക് വൻ വെല്ലുവിളി ഉയർത്തുന്ന ഈയവസ്ഥയ്ക്ക് കുറഞ്ഞൊരു പരിഹാരം വിദേശ തൊഴിൽ വിപണിയുടെ ആവശ്യാനുസരണം ഉദ്യോഗാർത്ഥികൾക്ക് മികവാർന്ന തൊഴിൽ നൈപുണ്യം നേടികൊടുക്കുകയാണ്. നൂതന സാങ്കേതികവിദ്യ പ്രദാനം ചെയ്തുകൊണ്ട് വിദേശങ്ങളിലെ പ്രതികൂല സാഹചര്യം മറികടക്കാൻ ഇവരെ പ്രാപ്തരാക്കുന്ന പരിശീലന പരിപാടി കൂടുതൽ വിപുലവും കാര്യക്ഷമവുമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി**

കേരളത്തിലെ യുവതീയുവാക്കളുടെ തൊഴിൽ വൈദഗ്ധ്യം ഇന്ത്യയ്ക്കകത്തും വിദേശത്തുമുള്ള തൊഴിൽ വിപണിയിലെ വെല്ലുവിളികൾ നേരിടത്തക്കവിധം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ നോർക്ക് റൂട്ട്സ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സ്കിൽ അപ്ഗ്രഡേഷൻ & റീഇന്റഗ്രേഷൻ പ്രോഗ്രാം. 2019-2020

സാമ്പത്തിക വർഷം മുതൽ ഇൻഫർമേഷൻ & ടെക്നോളജി മേഖലയിലെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും ഈ രംഗത്ത് പരിശീലനവും പ്രാവീണ്യവും നൽകുന്നതിനുമായി കേന്ദ്ര സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തമുള്ള ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാദമി ഓഫ് കേരള (ICTAK)യുമായി ചേർന്ന് കോഴ്സുകൾ നടത്തിവരുന്നു. കൂടാതെ പശ്ചിമേഷ്യൻ രാജ്യങ്ങളായ യു.എ.ഇ., കുവൈറ്റ്, സൗദി അറേബ്യ തുടങ്ങിയ രാജ്യങ്ങളിൽ നേഴ്സിങ് മേഖലയിൽ തൊഴിൽ സാധ്യതയേറുന്നതിനാൽ നേഴ്സുമാർക്ക് തൊഴിൽ ലഭ്യമാകുന്നതിന് അതത് രാജ്യങ്ങളിലെ സർക്കാർ ലൈസൻസിങ് പരീക്ഷ പാസാകുന്നതിനായി കേരള സർക്കാർ സ്ഥാപനമായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ അംഗീകൃത സ്ഥാപനമായ നേഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (nice) മുഖാന്തരം കോഴ്സുകൾ നടത്തിവരുന്നു.

(കേരളീയ പ്രവാസികാര്യ വകുപ്പ് 10.08.2021-ലെ ബി2/151/2017-നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 01.09.21-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു)

## ശിപാർശ-2 (ഖണ്ഡിക-9)

തൊഴിൽ വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലന പരിപാടിക്കായി 2230-01-103-40-ശീർഷകത്തിൽ 2016-17 സാമ്പത്തിക വർഷം രണ്ടുകോടി രൂപ വകയിരുത്തിയതായി കാണുന്നു. ഈ തുക ഏതെല്ലാം കാര്യങ്ങൾക്കായി വിനിയോഗിച്ചുവെന്നും ഇതുമൂലം എത്രപേർക്ക് തൊഴിൽ നൈപുണ്യം നേടിക്കൊടുക്കാനായെന്നും അവർ ഇപ്പോഴും വിദേശത്ത് ജോലി ചെയ്യുന്നുണ്ടോയെന്നുമുള്ള വിവരം ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി**

2016-17 സാമ്പത്തിക വർഷം 2230-01-103-40-ശീർഷകത്തിൽ സ്കിൽ അപ്ഗ്രഡേഷൻ & റീ ഇന്റഗ്രേഷൻ പ്രോഗ്രാം പദ്ധതിക്കായി അനുവദിച്ചിരുന്ന തുകയിൽ ഒരു കോടി രൂപ നൈപുണ്യവികസനം, സോഫ്റ്റ് സ്കിൽ ട്രെയിനിംഗ്, പത്രപരസ്യം, സർട്ടിഫിക്കറ്റ് പ്രിന്റിംഗ് എന്നിവയ്ക്കായാണ് വിനിയോഗിച്ചിട്ടുള്ളത്.

സ്കിൽ അപ്ഗ്രഡേഷൻ & റീ ഇന്റഗ്രേഷൻ പ്രോഗ്രാം പ്രകാരം വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കൾ, സർക്കാർ പോളിടെക്നിക്കുകൾ, എൽ.ബി.എസ്. സെന്ററുകൾ എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് നോർക്ക റൂട്ട്സ് സംഘടിപ്പിച്ചുവരുന്ന പരിശീലന പരിപാടിയിൽ ഉദ്യോഗാർത്ഥികൾക്ക് സാങ്കേതിക വൈദഗ്ധ്യം, വിദേശ ഭാഷാ നിയമ നടപടികൾ, വിസ, തൊഴിൽ കരാർ എന്നിവ സംബന്ധിച്ച് ബോധവത്കരണം നൽകുന്നു. ഈ പദ്ധതിയിലെ വിദ്യാർത്ഥികളിൽ നിന്നും ഫീസായി 25%+ജി.എസ്.ടി. മാത്രമാണ് ഈടാക്കുന്നത്. ബാക്കിയുള്ള 75% തുക സർക്കാർ വഹിക്കുന്നു. എസ്.സി./എസ്.ടി., ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ കോഴ്സ് തുക മുഴുവനായും സർക്കാരാണ് വഹിക്കുന്നത്. പ്രതിവർഷം 2000-ത്തോളം വിദ്യാർത്ഥികൾ മൂന്ന് മാസം ദൈർഘ്യമുള്ള ഈ പരിശീലന പരിപാടിയിൽ വിജയകരമായി പഠനം പൂർത്തിയാക്കുന്നുണ്ട്. ഇവരിൽ പലരും, വിദേശത്തും ഇതര സംസ്ഥാനങ്ങളിലും ജോലി ചെയ്തുവരുന്നുണ്ട്. എന്നാൽ ഇത് സംബന്ധിച്ച സ്ഥിതി വിവര കണക്കുകൾ ശേഖരിച്ച് സൂക്ഷിക്കുന്നത് പ്രായോഗികമല്ല.

(കേരളീയ പ്രവാസികാര്യ വകുപ്പ് 10.08.2021-ലെ ബി2/151/2017-നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 01.09.21-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു)

## ശിപാർശ-3 (ഖണ്ഡിക-10)

നിലവിലെ സാഹചര്യത്തിൽ പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ പ്രത്യേകിച്ചും പുനരധിവാസ പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുകയും അവ കാര്യക്ഷമമായി നടപ്പാക്കുന്നുവെന്ന് ഉറപ്പ് വരുത്തുകയും വേണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി

പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികൾ സർക്കാർ കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്. തിരികെയെത്തിയ പ്രവാസികൾക്ക് സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപ്പിലാക്കിയിരുന്ന നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് പദ്ധതി (NDPREM) കൂടുതൽ

വിപുലീകരിച്ച നടപ്പിലാക്കി വരുന്നു. സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) മുഖേന പ്രസ്തുത പദ്ധതിയുടെ സംരംഭകർക്ക് വേണ്ട ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും മറ്റ് സാങ്കേതിക സഹായങ്ങളും ലഭ്യമാക്കുന്നു. പ്രസ്തുത പദ്ധതിയ്ക്കായി 2020-21 സാമ്പത്തിക വർഷം വകയിരുത്തിയിരുന്ന തുകയിൽ ഏകദേശം 90 ശതമാനം തുകയും ചെലവഴിച്ചിട്ടുണ്ട്. 16.28 കോടി രൂപ ഉപയോഗിച്ച് 782 ഗുണഭോക്താക്കൾക്ക് ഈ പദ്ധതി പ്രകാരം ധനസഹായം നല്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയ്ക്കായി 24.4 കോടി രൂപ അനുവദിച്ചു.

സാന്ത്വന പദ്ധതിയുടെ ഗുണഫലം കൂടുതൽ പ്രവാസികൾക്ക് ലഭ്യമാക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം സാന്ത്വന പദ്ധതി വിഹിതം 30 കോടി രൂപയാക്കി വർദ്ധിപ്പിച്ചു. വാർഷിക വരുമാനപരിധി ഒരുലക്ഷം രൂപയിൽ നിന്ന് ഒന്നര ലക്ഷം രൂപയായി വർദ്ധിപ്പിച്ച് മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ചു

പ്രവാസികളായ കേരളീയരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499 എന്ന പേരിൽ സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കോവിഡ് പ്രതിസന്ധി കണക്കിലെടുത്ത് തിരിച്ചു വരുന്ന പ്രവാസികൾക്ക് വേണ്ടി നടപ്പിലാക്കുന്ന പുനരധിവാസ പുനർസംയോജന പദ്ധതിയ്ക്കായി അനുവദിച്ചിട്ടുള്ള 50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.

(കേരളീയ പ്രവാസികാര്യ വകുപ്പ് 10.08.2021-ലെ ബി2/151/2017-നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 01.09.21-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു)

## <u>ശിപാർശ-4 (ഖണ്ഡിക-12)</u>

ക്ഷേമപദ്ധതികളെ സംബന്ധിച്ച അജ്ഞതയും ആനുകൂല്യങ്ങളുടെ അനാകർഷണീയതയും ഒരു പക്ഷേ പ്രവാസികളെ ബോർഡിൽ നിന്നും മുഖംതിരിക്കാൻ പ്രേരിപ്പിക്കുന്നുണ്ടാവാം. അതുപോലെ അംഗത്വമെടുക്കാനും അംശദായമടയ്ക്കാനുമുള്ള നടപടിക്രമങ്ങളും അവർക്ക് വിമുഖത സൃഷ്ടിച്ചേക്കാം. ആയതിനാൽ ഇതിനായുള്ള

നടപടികൾ ലഘൂകരിച്ചാൽ കൂടുതൽ പ്രവാസികൾ ഇതിൽ പങ്കാളികളാകുമെന്ന് പ്രതീക്ഷിക്കുന്നു. ക്ഷേമനിധി അംഗത്വത്തിനും അംശദായം അടയ്ക്കാനും ഓൺലൈൻ സംവിധാനം ഏർപ്പെടുത്താനുള്ള നടപടികൾ വേഗതയിലാക്കണമെന്നും അക്ഷയ കേന്ദ്രങ്ങൾ വഴിയും ഇതിന് അനുമതി നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി**

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കാനറാ ബാങ്ക്, ഇന്ത്യൻ ബാങ്ക്, ബാങ്ക് ഓഫ് ബറോഡ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഇന്ത്യൻ ഓവർസീസ് ബാങ്ക്, കാത്തലിക് സിറിയൻ ബാങ്ക് തുടങ്ങി വിവിധ ബാങ്കുകൾ വഴി ഓഫ് ലൈനായും ക്ഷേമനിധി ബോർഡിന്റെ വെബ്സൈറ്റ് വഴി ഓൺലൈനായും പ്രവാസി ക്ഷേമനിധിയിലേക്കുള്ള അടവുകൾ (രജിസ്ട്രേഷൻ ഫീസ്, അംശദായം തുടങ്ങിയവ) നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ മുഖാന്തിരം ക്ഷേമനിധി അംശദായം അടയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പ് 10.08.2021-ലെ ബി2/151/2017-നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 01.09.21-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു)

**ശിപാർശ-5 (ഖണ്ഡിക-13)**

പ്രവാസിക്ഷേമ ബോർഡിനെയും പ്രവർത്തനത്തെയും കുറിച്ച് ആഗോളതലത്തിൽ തന്നെ പ്രചരണ പരിപാടികൾ സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി**

പ്രവാസി ക്ഷേമബോർഡിനേയും പ്രവർത്തനത്തെയും കുറിച്ച് പ്രവാസി മലയാളികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഗൾഫ് നാടുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ദൃശ്യ-ശ്രവണ മാധ്യമങ്ങളിലൂടെയും നവമാധ്യമങ്ങൾ വഴിയും പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പ് 10.08.2021-ലെ ബി2/151/2017-നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 01.09.21-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു)

## ശിപാർശ-6 (ഖണ്ഡിക-14)

ക്ഷേമനിധി അംഗത്വത്തിന് ചട്ടങ്ങളിൽ കൂടിയ പ്രായപരിധി 55 വയസ്സായിരുന്നത് വർദ്ധിപ്പിക്കണമെന്ന് സമിതി ആവർത്തിച്ചാവശ്യപ്പെട്ടിരുന്നുവെങ്കിലും ഈയിടെയാണ് 60 വയസ്സായി ഉയർത്തിയത്. പ്രസ്തുത നടപടിയെ സമിതി അഭിനന്ദിക്കുന്നു. അതുപോലെ സർക്കാർ അനുബന്ധ ജോലിക്കാരെപ്പോലെ കൃത്യമായ ഒരു വിരമിക്കൽ പ്രായമോ ജോലിസംബന്ധമായ സുരക്ഷിതത്വമോ ഇല്ലാത്തവരും ക്ഷേമനിധി സംബന്ധിച്ച അറിവില്ലാത്തവരുമായ പ്രവാസികളുടെ എണ്ണക്കൂടുതൽ കണക്കിലെടുത്ത് ക്ഷേമനിധി അംഗത്വത്തിനുള്ള പ്രായപരിധി വീണ്ടും ഉയർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി**

2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിൽ വ്യവസ്ഥ ചെയ്തിരുന്ന 55 വയസ്സ് എന്ന പ്രായപരിധി 2015-ലെ ഭേദഗതി പ്രകാരം 60 വയസ്സാക്കിയിരുന്നു. ക്ഷേമനിധി അംഗത്വത്തിനുള്ള പ്രായപരിധി വീണ്ടും ഉയർത്തണമെന്ന സമിതിയുടെ ശിപാർശ നിലവിലെ സാഹചര്യത്തിൽ നടപ്പിലാക്കുവാൻ പരിമിതിയുണ്ട്. മാത്രവുമല്ല, ഇത്തരത്തിൽ പ്രായപരിധി ഉയർത്തിയാൽ സമാനമായ മറ്റ് ബോർഡുകളിൽ നിന്നും ഇത്തരത്തിൽ ആവശ്യം ഉയരാൻ സാധ്യതയുണ്ട് എന്നതിനാൽ ഇപ്പോൾ പരിഗണനയിലില്ല.

(കേരളീയ പ്രവാസികാര്യ വകുപ്പ് 10.08.2021-ലെ ബി2/151/2017-നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 01.09.21-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു)

## ശിപാർശ-7 (ഖണ്ഡിക-15)

മറ്റു ക്ഷേമനിധികളിൽ തൊഴിലാളികളുടെ അംശദായത്തിനു പുറമെ തൊഴിലുടമ വിഹിതമുണ്ടെങ്കിലും പ്രവാസി ക്ഷേമനിധിയിൽ തൊഴിലുടമ വിഹിതമില്ല. സർക്കാർ വിഹിതമായി രണ്ടു ശതമാനം തുകയാണ് ഇപ്പോൾ നല്കിവരുന്നത്. നടപ്പുവർഷം ബഡ്ജറ്റ് വിഹിതത്തിൽ ഈയിനത്തിൽ ഒരുലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഈയിനത്തിലുള്ള വിഹിതം വർദ്ധിപ്പിച്ച് അംശദായത്തിനുള്ള സർക്കാർ വിഹിതം പത്തുശതമാനമാക്കി ഉയർത്തണമെന്ന്

ധനകാര്യ വകുപ്പിനോടും കേരളീയ പ്രവാസികാര്യ വകുപ്പിനോടും സമിതി നിർദ്ദേശിക്കുന്നു.

**കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി**

കോവിഡ്-19 സൃഷ്ടിച്ച നിലവിലെ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ സമിതിയുടെ ശിപാർശ നടപ്പിലാക്കുവാൻ നിർവ്വാഹമില്ല (കേരളീയ പ്രവാസികാര്യ വകുപ്പ് 10.08.2021-ലെ ബി2/151/2017-നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 01.09.21-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു)

**ശിപാർശ-8 (ഖണ്ഡിക-16)**

മറ്റ് ക്ഷേമനിധികളിൽ അടയ്ക്കുന്ന തുക തൊഴിലാളികൾക്ക് തിരികെ നൽകുന്നുണ്ട്. എന്നാൽ പ്രവാസി ക്ഷേമനിധിയെ സംബന്ധിച്ചിടത്തോളം ഇപ്രകാരം തുക നൽകുന്നില്ല. ക്ഷേമനിധിയുടെ ഇതര പ്രവർത്തനങ്ങൾ മറ്റു ക്ഷേമനിധികളുടെ പ്രവർത്തനങ്ങളേക്കാൾ വിപുലമായതിനാൽ ഇപ്രകാരം തുക നൽകാൻ ബുദ്ധിമുട്ടുണ്ട് എന്ന വസ്തുത സമിതി മനസ്സിലാക്കുന്നു. എന്നിരുന്നാലും ക്ഷേമനിധിയിൽ അടയ്ക്കുന്ന തുകയും പലിശയും തിരികെ നല്കാനും ആയതിലേക്കായി സംസ്ഥാന വിഹിതം വർദ്ധിപ്പിക്കുന്നതിനും കേന്ദ്രവിഹിതം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി**

പ്രവാസി ക്ഷേമനിധിയിലെ സംസ്ഥാന വിഹിതം വർദ്ധിപ്പിക്കുന്നത് കോവിഡ്- 19 സൃഷ്ടിച്ച സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(കേരളീയ പ്രവാസികാര്യ വകുപ്പ് 10.08.2021-ലെ ബി2/151/2017-നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 01.09.21-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു)

**ശിപാർശ-9 (ഖണ്ഡിക-17)**

പ്രവാസികൾക്ക് നൽകിവരുന്ന പെൻഷൻ തുക യഥാർത്ഥത്തിൽ നാമമാത്രമാണ്. സർക്കാർ വിഹിതമൊന്നും കൈപ്പറ്റാതെ നൽകിവരുന്ന ക്ഷേമപെൻഷനുകൾ പോലും ആയിരം രൂപയാക്കി വർദ്ധിപ്പിച്ച സാഹചര്യത്തിൽ

പ്രവാസികൾക്ക് നൽകിവരുന്ന 1000, 500 രൂപയുടെ പെൻഷനുകൾ യഥാക്രമം 5000, 3000 രൂപ വീതമാക്കി ഉയർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി**

ക്ഷേമനിധി അംഗങ്ങളുടെ കുറഞ്ഞ പ്രതിമാസ പെൻഷൻ തുക 2017 സെപ്റ്റംബർ മാസം മുതൽക്ക് 2000/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. 5 വർഷത്തിൽ കൂടുതൽ തുടർച്ചയായി അംശദായം അടച്ചിട്ടുള്ളവർക്ക് മൊത്തം പെൻഷൻ തുക മിനിമം പെൻഷൻ തുകയുടെ ഇരട്ടിയിൽ കൂടുവാൻ പാടുള്ളതല്ല എന്ന നിബന്ധനയോടെ പൂർത്തിയാക്കിയ ഓരോ അംഗത്വ വർഷത്തിനും മിനിമം പെൻഷൻ തുകയുടെ മൂന്ന് ശതമാനത്തിന് തുല്യമായ തുക കൂടി പ്രതിമാസം അധിക പെൻഷൻ അനുവദിക്കുന്നുണ്ട്. 2021-22 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ വെളിച്ചത്തിൽ, പ്രവാസി ക്ഷേമനിധി അംശദായം വിദേശത്തുള്ളവരുടേത് 350 രൂപയായും നാട്ടിൽ തിരിച്ചെത്തിയവരുടേത് 200 രൂപയായും വർദ്ധിപ്പിക്കുന്നതിനും, പെൻഷൻ തുക യഥാക്രമം 3500 രൂപയും, 3000 രൂപയുമായി വർദ്ധിപ്പിക്കുന്നതിനുമുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.
(കേരളീയ പ്രവാസികാര്യ വകുപ്പ് 10.08.2021-ലെ ബി2/151/2017-നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 01.09.21-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു)

**ശിപാർശ-10 (ഖണ്ഡിക-20)**

പ്രവാസി ക്ഷേമ ബോർഡ് നല്കിവരുന്ന എല്ലാ ആനുകൂല്യങ്ങളുടെയും തുക കാലാനുസൃതമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി**

പ്രവാസി ക്ഷേമബോർഡ് നൽകിവരുന്ന എല്ലാ ആനുകൂല്യങ്ങളുടെയും തുക കാലാനുസൃതമായി വർദ്ധിപ്പിക്കാറുണ്ട്. ബോർഡിൽ നിന്നുമുള്ള മിനിമം പെൻഷൻ 2000/-രൂപയായും വിവാഹ ധനസഹായം 10,000/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ ആദ്യഘട്ടത്തിൽ പ്രവാസി ക്ഷേമനിധി പെൻഷൻ ലഭിക്കുന്ന 14218 പേർക്ക് (2020 മാർച്ച് മാസത്തെ

കണക്കനുസരിച്ച്) 1000/- രൂപ ഒറ്റത്തവണ ധനസഹായവും, കോവിഡ്-19 രോഗബാധിതരായ ക്ഷേമനിധി അംഗങ്ങൾക്ക് 10,000/- രൂപ അടിയന്തര ധനസഹായവും അനുവദിച്ചിട്ടുണ്ട്. കൂടാതെ, കോവിഡിന്റെ പശ്ചാത്തലത്തിൽ അംശദായം കുടിശ്ശിക വരുത്തി അംഗത്വം റദ്ദായവർക്ക് ആയത് പുന:സ്ഥാപിക്കുന്നതിന് ചുമത്തിയിരുന്ന പിഴയും പിഴ പലിശയും 6 മാസക്കാലത്തേക്ക് ഒഴിവാക്കി നൽകിയിട്ടുണ്ട്. പിഴയിനത്തിൽ ബോർഡിനു ലഭ്യമാകേണ്ട 2 കോടി രൂപയോളം ഇപ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പ് 10.08.2021-ലെ ബി2/151/2017-നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 01.09.21-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു)

## ശിപാർശ-11 (ഖണ്ഡിക-21)

സാമ്പത്തിക ദുരിതത്തിലാണ്ട യുവതീയുവാക്കളെ മോഹനവാഗ്ദാനങ്ങൾ നൽകി സ്വപ്ന ഭൂമിയിലേക്ക് തൊഴിലിനായി അയയ്ക്കാമെന്ന് പറഞ്ഞ് ലക്ഷങ്ങൾ കൈപ്പറ്റി അവരെ കബളിപ്പിക്കുന്നവരും പറഞ്ഞ തൊഴിലോ സൗകര്യങ്ങളോ ഇല്ലാതെ മരുഭൂമികളിൽ 'ആടുജീവിതം' നയിക്കേണ്ടിവരുന്ന അവസ്ഥ സൃഷ്ടിക്കുന്നവരും ഇന്നും ധാരാളമുണ്ട്. തൊഴിലില്ലായ്മയുടെയും ജീവിത പ്രാരാബ്ധങ്ങളുടെയും വറുതിയിൽ കഴിയുന്നവരെ പ്രലോഭനങ്ങളിലൂടെ ശോഭനമായ ഭാവിയെന്ന പ്രതീക്ഷ നൽകി അടിമവ്യാപാര സമാനമായ 'മനുഷ്യക്കടത്ത്' നടത്തുന്നത് വർദ്ധിച്ചുവരുന്നതായി കാണാവുന്നതാണ്. കേരളത്തിൽ നിന്നും പുറത്തുപോകുന്നവരെ സംബന്ധിച്ചും അവർ പോകുന്ന സ്ഥലം സംബന്ധിച്ചുമുള്ള കൃത്യ വിവരങ്ങൾ സൂക്ഷിക്കേണ്ടത് ആവശ്യമാണ്. കേരളത്തിലെ എല്ലാ വിമാനത്താവളങ്ങളിലും നോർക്ക സെൽ ആരംഭിക്കുന്നതിനും മലയാളി യാത്രക്കാരെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനും ഇവിടെ പ്രവാസി കേരളീയ ക്ഷേമബോർഡിൽ അംഗത്വമെടുക്കുന്നതിനും അംശദായമടയ്ക്കുന്നതിനുമുള്ള സംവിധാനമൊരുക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി**

പ്രവാസി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കുന്നതിനും, അംശദായം ഒടുക്കുന്നതിനും ഓൺലൈൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ക്ഷേമനിധി

ബോർഡിന്റെ വെബ്സൈറ്റ് വഴിയും അക്ഷയകേന്ദ്രങ്ങൾ മുഖേനയും ഇത്തരത്തിൽ പണം അടക്കാവുന്നതാണ്. കൂടാതെ, വിവിധ ബാങ്കുകൾ വഴി ഓഫ് ലൈനായും ആനുകൂല്യങ്ങൾക്കായുള്ള അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. വിമാനത്താവളങ്ങളിൽ നോർക്ക സെൽ ആരംഭിക്കുകയെന്നത് സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിൽ ഉള്ള വിഷയമല്ലായെന്നതിനാൽ സമിതി ശിപാർശ നടപ്പിലാക്കുന്നത് പ്രായോഗികമല്ല.

(കേരളീയ പ്രവാസികാര്യ വകുപ്പ് 10.08.2021-ലെ ബി2/151/2017-നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 01.09.21-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു)

## ശിപാർശ-12 (ഖണ്ഡിക-22)

വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് തുടങ്ങിയവയ്ക്കെതിരെയുള്ള ബോധവൽക്കരണം ഉൾപ്പെടെയുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമാക്കണമെന്നും സമിതി ആവശ്യപ്പെടുന്നു.

## കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി

വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് തുടങ്ങിയവയ്ക്കെതിരെ കേന്ദ്ര വിദേശ കാര്യ വകുപ്പിന്റെ പ്രീ-ഡിപാർച്ചർ ഓറിയന്റേഷൻ പരിപാടികളുടെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ബോധവത്ക്കരണം നടത്തുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ (സി.എം.ഡി) ചുമതലപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കേരളത്തിലെ വിവിധ നഴ്സിംഗ് കോളേജുകളിലായി എഴുന്നൂറോളം നഴ്സുമാർക്ക് സി.എം.ഡി. മുഖേന 9 പ്രീ-ഡിപാർച്ചർ ഓറിയന്റേഷൻ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. ഇത് കൂടാതെ ദൃശ്യ-ശ്രവണ മാധ്യമങ്ങൾ, സിനിമാ തീയേറ്ററുകൾ, സോഷ്യൽ മീഡിയ എന്നിവയിലും ബോധവത്കരണത്തിനായി പരസ്യങ്ങളും വാർത്തകളും നൽകുന്നുണ്ട്. വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും, കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും, വനിതാ കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിച്ച് യഥാവിധം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി വേണ്ട നടപടികൾ കൈക്കൊള്ളുന്നതിനുമായി നോർക്ക റൂട്ട്സിൽ പ്രവാസി വനിതാ സെൽ രൂപീകരിച്ചിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പ് 10.08.2021-ലെ ബി2/151/2017-നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 01.09.21-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു)

## ശിപാർശ-13 (ഖണ്ഡിക-23)

എംബസികളോട് ചേർന്ന് നോർക്ക സെൽ ആരംഭിക്കേണ്ടത് ആവശ്യമായ സംഗതിയാണെങ്കിലും കേന്ദ്രസർക്കാരിന്റെ അനുമതിയില്ലാതെ ഇതു നടപ്പാക്കാനാവില്ലെന്ന വസ്തുത സമിതി ഉൾക്കൊള്ളുന്നു. ഇന്ത്യയിൽ ചെന്നൈ, വഡോദര, ബാംഗ്ലൂർ, ഹൈദരാബാദ് തുടങ്ങിയ സ്ഥലങ്ങളിൽ മലയാളികൾക്ക് പ്രയോജനകരമായ സാറ്റലൈറ്റ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. വിദേശങ്ങളിലുള്ള രജിസ്റ്റർ ചെയ്ത സംഘടനകളുമായി ബന്ധപ്പെട്ട് അവരുടെ സഹകരണത്തോടെ സാറ്റലൈറ്റ് സെന്ററുകൾ ആരംഭിക്കുകയും അതോടൊപ്പം ഒരു ഹെൽപ്പ് ഡസ്ക് സംവിധാനവും ആരംഭിക്കുന്നതിന് കഴിയുമോയെന്ന് പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി**

വിദേശ രാജ്യങ്ങളിൽ ഇപ്രകാരം സാറ്റലൈറ്റ് സെന്ററുകൾ ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാരിന് പ്രായോഗികമായി കഴിയില്ല എന്നാൽ ലോക കേരള സഭാംഗങ്ങളുടെയും, രജിസ്റ്റേർഡ് സംഘടനകളുടെയും. വോളന്റീയർമാരുടെയും സേവനം പരമാവധി ഉപയോഗപ്പെടുത്തി വിദേശരാജ്യങ്ങളിലുള്ള മലയാളികൾക്ക് കുറ്റമറ്റ രീതിയിൽ സഹായം ലഭ്യമാക്കുന്നുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പ് 10.08.2021-ലെ ബി2/151/2017-നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 01.09.21-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു)

## ശിപാർശ-14 (ഖണ്ഡിക-24)

വിദേശത്ത് വീട്ടുജോലികൾക്കായി പോകുന്ന സ്ത്രീകൾ പലപ്പോഴും പീഡനങ്ങൾക്ക് ഇരയാകാറുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇത്തരത്തിൽ പീഡനങ്ങൾക്കിരയാകുന്ന സ്ത്രീകളെ സുരക്ഷിതരായി

താമസിപ്പിക്കുന്നതിനുള്ള താമസസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**<u>കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി</u>**

വിദേശരാജ്യങ്ങളിൽ ഇത്തരം താമസസ്ഥലങ്ങൾ നിർമ്മിക്കുന്നത് സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിൽ വരുന്ന വിഷയമല്ല. എന്നാൽ ഇന്ത്യൻ എംബസികളുടെ കീഴിൽ ഇത്തരം ഷെൽട്ടറുകൾ ഫലപ്രദമായി പ്രവർത്തിച്ച് വരുന്നുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പ് 10.08.2021-ലെ ബി2/151/2017-നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 01.09.21-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു)

**<u>ശിപാർശ-15 (ഖണ്ഡിക-25)</u>**

മുംബൈ മലയാളി സംഘടനകൾക്ക് യോഗം ചേരുന്നതിനും മറ്റു പരിപാടികൾ സംഘടിപ്പിക്കുന്നതിനുമായി മുംബൈ കേരളാ ഹൗസിലെ ഹാൾ ഉപയോഗിക്കുമ്പോൾ വളരെ ഉയർന്ന തുകയാണ് വാടകയിനത്തിൽ നൽകേണ്ടിവരുന്നതെന്നാണ് സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇത് മുംബൈ മലയാളികളുടെ കൂട്ടായ്മയ്ക്കും സാംസ്കാരിക പ്രവർത്തനങ്ങൾക്കും ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായ ആക്ഷേപം നിലനിൽക്കുന്നു. ആയതിനാൽ മുംബൈ കേരള ഹൗസിലെ ഹാൾ മലയാളി സംഘടനകളുടെ ആവശ്യങ്ങൾക്കായി അനുവദിക്കുമ്പോൾ വാടകയിൽ 50% ഇളവ് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി</u>**

ഇത് സംബന്ധിച്ച് പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പ് 10.08.2021-ലെ ബി2/151/2017-നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 01.09.21-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു)

## ശിപാർശ-16 (ഖണ്ഡിക-26)

ഭാരതത്തിലെ ഇതര സംസ്ഥാനങ്ങളിൽ കേരളീയ പ്രവാസികാര്യ സേവനങ്ങൾ മലയാളി സമൂഹത്തിന് ലഭ്യമാക്കുന്നതിനായി ഡൽഹി, മുംബൈ, ബറോഡ. ചെന്നൈ, ബെംഗ്ലൂരു, ഹൈദരാബാദ് എന്നിവിടങ്ങളിൽ നോർക്കയുടെ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രവാസി മലയാളികൾക്കും മറ്റുള്ളവർക്കുമായി കേരളത്തിന്റെ സാംസ്കാരിക പൈതൃകം സംബന്ധിച്ച ബോധവത്ക്കരണം, സുഗമമായ സേവനങ്ങൾക്കാവശ്യമായ ഏകോപനം, വിനിമയം, നേതൃത്വം, പരാതി പരിഹാരം തുടങ്ങിയവ സംസ്ഥാനത്തിന് പുറത്ത് പ്രമുഖ നഗരങ്ങളിൽ നടപ്പിലാക്കുകയാണ് നോർക്ക സെന്ററുകളുടെ ലക്ഷ്യം. ഇവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ടെന്നും ഉദ്യോഗസ്ഥർ ഇവിടങ്ങളിൽ ജോലി ചെയ്യാൻ വിമുഖത കാണിക്കുന്നതിനാൽ പ്രവർത്തനം താളം തെറ്റുന്നതായും സമിതി മനസ്സിലാക്കുന്നു. മാത്രമല്ല, മലയാളികൾ കൂടുതലായുള്ള മറ്റ് സ്ഥലങ്ങളിലേക്കും നോർക്കയുടെ പ്രവർത്തനം എത്തേണ്ടതാണെന്നും സമിതിക്ക് അഭിപ്രായമുണ്ട്. നോർക്ക സെന്ററുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണമെന്നും മലയാളികൾ കൂടുതലുള്ള മറ്റ് പ്രദേശങ്ങളിലും നോർക്ക സെന്ററുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി

പ്രവാസി മലയാളികൾ കൂടുതൽ താമസിക്കുന്ന മിക്കവാറും എല്ലാ സംസ്ഥാനങ്ങളിലും നോർക്ക സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്. ചെന്നൈ, മുംബൈ, ന്യൂഡൽഹി എന്നിവിടങ്ങളിൽ എൻ.ആർ. കെ. ഡവലപ്മെന്റ് ഓഫീസുകളും, ബാംഗ്ലൂർ, ഹൈദരാബാദ്, ബറോഡ എന്നിവിടങ്ങളിൽ നോർക്ക സാറ്റലൈറ്റ് ഓഫീസുകളും നിലവിലുണ്ട്. ഫലപ്രദവും, കാര്യക്ഷമവുമായാണ് ഈ ഓഫീസുകൾ പ്രവർത്തിക്കുന്നത്. ഈ കാര്യാലയങ്ങളിൽ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥർ അതാത് സംസ്ഥാനങ്ങളിലെ മലയാളി സാന്നിദ്ധ്യമുള്ള മിക്കവാറും സ്ഥലങ്ങളിൽ അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും, ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിനുമായി സന്ദർശിക്കാറുണ്ട്. സർക്കാർ നടപ്പിലാക്കുന്ന പ്രവാസി ക്ഷേമപദ്ധതികൾ പ്രവാസി സമൂഹത്തിന് അനുഭവവേദ്യമാകുന്നുണ്ടെന്ന് ഉറപ്പ്

വരുത്തുന്നതിന് സർക്കാർ തലത്തിൽ കൃത്യമായ സംവിധാനമുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പ് 10.08.2021-ലെ ബി2/151/2017-നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 01.09.21-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു)

## ശിപാർശ-18 (ഖണ്ഡിക -28)

സംസ്ഥാനത്തിന്റെ നയരൂപീകരണ പ്രക്രിയയിൽ കേരളത്തിന് പുറത്തുള്ള മലയാളികളുടെ അഭിപ്രായങ്ങൾ കൂടി പരിഗണിക്കപ്പെടേണ്ടതാണ്. സംസ്ഥാന സർക്കാർ പ്രതിനിധികളും ഇതര സംസ്ഥാന, വിദേശമലയാളി സംഘടനകളുടെ പ്രതിനിധികളും ഉൾക്കൊള്ളുന്ന ഒരു ആഗോള സമിതി രൂപീകരിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്ന കാര്യം ആലോചിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി**

ലോകത്താകെയുള്ള കേരളീയരുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുകയും കേരള സംസ്കാരത്തിന്റെ പുരോഗമനപരമായ വികസനത്തിനും വേണ്ടി പ്രവർത്തിക്കുന്നതിനുമായി സംസ്ഥാന സർക്കാർ പ്രതിനിധികളും ഇതര സംസ്ഥാന, വിദേശ മലയാളി സംഘടനകളുടെ പ്രതിനിധികളെയും ഉൾക്കൊള്ളിച്ച് കൊണ്ട് സംസ്ഥാന സർക്കാർ ലോക കേരള സഭ രൂപീകരിച്ചിട്ടുണ്ട്. ഇന്ത്യൻ ഭരണഘടനയ്ക്കും ആതിഥേയ രാജ്യങ്ങളിലെ ഭരണ വ്യവസ്ഥകൾക്കും അന്താരാഷ്ട്ര കരാറുകൾക്കും ഉഭയകക്ഷി ഉടമ്പടികൾക്കും വിരുദ്ധമാകാത്തതും പൊതു സമ്മതവുമായ തീരുമാനങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും, ലോക കേരള സഭയുടെ താൽപ്പര്യവൃത്തത്തിൽവരുന്ന വിഷയങ്ങൾ ചർച്ച ചെയ്ത് അനുഭാവപൂർണ്ണമായ നടപടികൾ ശിപാർശ ചെയ്യുന്നതിനും ലോക കേരളസഭ പ്രയത്നിക്കുന്നു.

(കേരളീയ പ്രവാസികാര്യ വകുപ്പ് 10.08.2021-ലെ ബി2/151/2017-നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 01.09.2021-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

## ശിപാർശ -19 (ഖണ്ഡിക-29)

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനും പ്രവാസി സഹകരണസംഘങ്ങൾ രൂപീകരിക്കാൻ നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്. സംസ്ഥാന വ്യാപകമായി പ്രവാസി സഹകരണ സംഘങ്ങൾ രൂപീകരിച്ച് അവയെ സംസ്ഥാനാടിസ്ഥാനത്തിൽ ഏകോപിപ്പിച്ച് നിയന്ത്രിക്കുന്നതിനും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനും മേൽനോട്ടത്തിനായി സംസ്ഥാന തലത്തിൽ ഒരു മോണിറ്ററിംഗ് സംവിധാനം ഒരുക്കുകയും ചെയ്യുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി

പ്രവാസജീവിതം കഴിഞ്ഞ് എത്തിയവരുടെ പുനരധിവാസവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന പ്രവാസി സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ധനസഹായം നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം രൂപീകരിച്ചിട്ടുള്ള സഹകരണ സംഘങ്ങൾക്ക് 3 ലക്ഷം രൂപ വരെ ഒറ്റതവണ ധനസഹായം നൽകുന്നു. കൂടാതെ പ്രവാസികളായ കേരളീയരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499 എന്ന പേരിൽ സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ, പ്രവാസികളുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരത്തിനായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പ് 10.08.2021-ലെ ബി2/151/2017-നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 01.09.2021-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

## ശിപാർശ-20 (ഖണ്ഡിക-30)

വിദേശ മലയാളികളുടെ സമ്പാദ്യം വേണ്ടത്ര കാര്യക്ഷമമായി ഉപയോഗിക്കാനാവുന്നില്ല എന്ന പരാതി നിലനിൽക്കുന്നു. പ്രവാസികളുടെ തന്നെ ഭാവി സുരക്ഷിതത്വവും രാജ്യത്തിന്റെ വികസന പ്രക്രിയയ്ക്കും ഇന്നുള്ളതിന്റെ പതിന്മടങ്ങ് നേട്ടമുണ്ടാക്കാവുന്ന രീതിയിൽ വിനിയോഗിക്കേണ്ടതിന്റെ ആവശ്യകത സമിതി ഊന്നിപ്പറയുന്നു. പ്രവാസികളിൽ നിന്നുള്ള ആകർഷക നിക്ഷേപ സാദ്ധ്യത അവസരോചിതമായി വിനിയോഗിച്ച് തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി

പ്രവാസികളായ മലയാളികളിൽ നിന്നും സംസ്ഥാനത്തേയ്ക്ക് നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്. ലോക കേരളസഭയുടെ ശിപാർശയുടെ വെളിച്ചത്തിൽ കേരളത്തിന്റെ പുരോഗതിക്ക് ഉതകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ ബഹു മുഖ്യമന്ത്രി ചെയർമാനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിംഗ് ലിമിറ്റഡ് എന്നൊരു കമ്പനി രൂപവത്ക്കരിച്ചിട്ടുണ്ട്. പദ്ധതികൾ ആവിഷ്ക്കരിച്ച് വരുന്നു.

പ്രവാസി ക്ഷേമനിധി ബോർഡ് നടപ്പിലാക്കിയിട്ടുള്ള പ്രവാസി ഡിവിഡന്റ് എന്ന നിക്ഷേപ പദ്ധതിയിൽ, നിക്ഷേപങ്ങൾ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതോടൊപ്പം സുസ്ഥിരമായ മാസ വരുമാനവും ഉറപ്പാക്കുന്നുണ്ട്. 3 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾ പ്രവാസി കേരളീയരിൽ നിന്നും സ്വീകരിക്കുകയും അത് അടിസ്ഥാന സൗകര്യ വികസനത്തിനായി വിനിയോഗിക്കുന്നതിനായി കിഫ്ബിയ്ക്ക് കൈമാറുകയുമാണ് ഈ പദ്ധതിയിൽ ചെയ്യുന്നത്.

(കേരളീയ പ്രവാസികാര്യ വകുപ്പ് 10.08.2021-ലെ ബി2/151/2017-നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 01.09.2021-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

## ശിപാർശ-21 (ഖണ്ഡിക-31)

ഗൾഫ് മലയാളിയുടെ സമ്പാദ്യത്തിന്റെ വലിയൊരു ഭാഗം കവർന്നെടുക്കുന്നത് ഭീമമായ യാത്രാ ചെലവുകളാണെന്നത് നിരന്തരം ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ഗൗരവമേറിയ വിഷയമാണെന്ന് സമിതി മനസ്സിലാക്കുന്നു. ദുരിതപൂർണ്ണമായ യാത്രകളെ സംബന്ധിച്ചും, അമിത യാത്രക്കൂലി സംബന്ധിച്ചുമുള്ള പതിനായിരക്കണക്കിന് പരാതികൾ ഉണ്ടായിട്ടും ഈ വിഷയത്തിൽ ശാശ്വത പരിഹാരം നേടാൻ സാധിച്ചിട്ടില്ല എന്നത് ഖേദകരമായ വസ്തുതയാണ്. യാത്രാനിരക്ക് വർദ്ധനവ് സംബന്ധിച്ചുള്ള എയർ ഇന്ത്യയുടെ നയങ്ങൾ ആശാവഹമല്ല. ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള എയർ ഇന്ത്യയുടെ ഗൾഫ് യാത്രാ നിരക്ക് കേരളത്തെ അപേക്ഷിച്ച് തുലോം കുറവാണെന്നത് നമ്മുടെ പ്രവാസി സമൂഹം നേരിടുന്ന ചൂഷണത്തിന്റെ നേർചിത്രം കാട്ടിത്തരുന്നു. ആയതിനാൽ ഈ വിഷയത്തിൽ കേന്ദ്ര വ്യോമയാന വകുപ്പുമായി ബന്ധപ്പെട്ട് വ്യോമയാന നയങ്ങൾ കാലോചിതമായി പരിഷ്കരിച്ച് വിമാനക്കമ്പനികളുടെ നിരക്കിന്റെ കാര്യത്തിൽ ഏകീകൃത വ്യവസ്ഥയുണ്ടാക്കണമെന്നും അതിലൂടെ ഗൾഫ് വിമാനയാത്രാനിരക്കുകളിൽ അടിക്കടിയുണ്ടാകുന്ന വിവേചനപരമായ വർദ്ധനവ് നിയന്ത്രിക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ 'ഇന്റർനാഷണൽ ഹബ്' പദവി ലഭിച്ചിട്ടുള്ള ആറ് സ്ഥലങ്ങളുടെ പട്ടികയിൽ ഇന്ത്യയിലെ ഏറ്റവും വലിയ പ്രവാസി സമൂഹം ഉൾക്കൊള്ളുന്ന കേരളത്തിന് അർഹമായ പരിഗണന കിട്ടിയിട്ടില്ലെന്നത് സമിതി ആശങ്കയോടെ കാണുന്നു. പ്രസ്തുത പദവി ലഭിച്ചാൽ വിദേശത്ത് നിന്ന് പുറപ്പെടുന്ന വിമാനങ്ങളിലെ യാത്രാനിരക്ക് കുറയ്ക്കാൻ സാധിക്കുമെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഇപ്പോൾ ഇന്ത്യയിലെ ആറ് വിമാനത്താവളങ്ങൾക്ക് അനുവദിച്ചിട്ടുള്ള "ഇന്റർനാഷണൽ ഹബ്' പദവി കേരളത്തിലും അനുവദിക്കുന്നതിന് കേന്ദ്രസർക്കാരുമായി ചർച്ച നടത്തി അനുകൂല തീരുമാനത്തിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ഗതാഗത വകുപ്പ് സ്വീകരിച്ച നടപടി

ഈ വിഷയത്തിന്മേൽ അനുകൂല തീരുമാനം കൈക്കൊള്ളണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രിയോട് നിരവധി തവണ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇന്ത്യയിലെ

ആറ് വിമാനത്താവളങ്ങൾക്ക് അനുവദിച്ചിരിക്കുന്ന "International Hub" പദവി കേരളത്തിലും അനുവദിക്കുന്നതിന് നിലവിലെ "Civil Aviation Policy" പ്രകാരം സാധ്യമല്ലെന്നും, കൂടാതെ വിവിധ കോടതികളിൽ വ്യവഹാരങ്ങൾ നിലനിൽക്കുന്നതിനാൽ നിലവിൽ അനുമതി നല്കിയിട്ടുള്ള വിമാനത്താവളങ്ങളൊഴികെ മറ്റ് വിമാനത്താവളങ്ങൾക്ക് അന്താരഷ്ട്ര Hub പദവിയോ, Bilateral Rights നൽകുന്നതിനോ നിർവ്വാഹമില്ലായെന്ന് കേന്ദ്ര വ്യോമയാന മന്ത്രി അറിയിച്ചിട്ടുണ്ട്. മാത്രമല്ല നിലവിലെ വ്യോമയാന നയത്തിൽ മാറ്റം വരുത്തുന്ന മുറയ്ക്ക് ഇത് സംബന്ധിച്ച തുടർ നടപടികൾ കൈക്കൊള്ളുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

(ഗതാഗത വകുപ്പ് 19.04.2021-ലെ ഡി2/351/2017/ഗതാ നമ്പർ കത്ത് മുഖേന നൽകിയ മറുപടി 04.05.2022-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു)

## ശിപാർശ-22 (ഖണ്ഡിക-32)

പ്രവാസികൾക്കായുള്ള ക്ഷേമപദ്ധതിയിൽ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് പ്രവാസി ഇൻഷ്വറൻസ് പദ്ധതി. എന്നാൽ പ്രസ്തുത പദ്ധതി നിലവിൽ ആകർഷണീയമല്ല എന്ന് സമിതി വിലയിരുത്തുന്നു. കേന്ദ്രഗവൺമെന്റിന്റെ പ്രവാസി ബീമ യോജനയിൽ പ്രവാസികൾ നിർബന്ധിത അംഗത്വമെടുക്കണമെന്ന് വ്യവസ്ഥയുള്ളതിനാലും പ്രായപരിധി വ്യവസ്ഥയുള്ളതിനാലും ടി പദ്ധതിയിൽ അംഗത്വ സംഖ്യ കുറയുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സ്റ്റേറ്റ് ഗവൺമെന്റിന്റെ ഇൻഷ്വറൻസ് പോളിസിക്ക് സമാനമായ രീതിയിൽ പ്രവാസി ഇൻഷ്വറൻസ് പരിഷ്കരിക്കണമെന്നും പ്രവാസികളുടെ കൃത്യമായ കണക്ക് ശേഖരിച്ച് പരമാവധി പ്രവാസികളെ പദ്ധതിയിൽ ചേർക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി

പ്രവാസികൾക്കായി ക്രിട്ടിക്കൽ കെയർ ഇൻഷ്വറൻസ് പദ്ധതി എന്ന പേരിൽ നോർക്ക റൂട്ട്സ് വഴി മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിദേശത്തു ജോലി ചെയ്യുന്ന കേരളീയർക്ക് ഗുരുതര അസുഖങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി 2021 ജനുവരി മാസത്തിൽ ആരംഭിച്ച ഈ പദ്ധതിയിൽ

18-നും 60-നും മദ്ധ്യേ പ്രായമുള്ളവർക്ക് അംഗങ്ങളാകാവുന്നതാണ്. പോളിസിയിൽ പറയുന്ന പ്രകാരമുള്ള രോഗമുണ്ടായാൽ ഒരു ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷയും കൂടാതെ 2 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പാക്കുന്ന ഈ പദ്ധതിയിൽ ഇതുവരെ 12500 പേർ അംഗങ്ങളായിട്ടുണ്ട്.കൂടാതെ, നോർക്ക ഐഡി കാർഡ് ഉടമകളായ പ്രവാസികൾക്ക് നിലവിൽ അപകടം മൂലമുള്ള മരണത്തിന് 4 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷയും അപകടം മൂലമുള്ള ഭാഗികമായോ/ സ്ഥിരമായോ ആയ അംഗവൈകല്യങ്ങൾക്ക് പരമാവധി 2 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷയും ലഭ്യമാക്കുന്നുണ്ട്.

(കേരളീയ പ്രവാസികാര്യവകുപ്പ് 10.08.2021-ലെ ബി2/151/2017-നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 01.09.2021-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.

## ശിപാർശ-23 (ഖണ്ഡിക-33)

പ്രവാസി മലയാളികൾ നാട്ടിൽ തിരികെയെത്തി പത്ത് വർഷത്തിനുശേഷം അപേക്ഷിച്ചാൽ 'സാന്ത്വനം' പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നില്ല. ആയതിനാൽ 'സാന്ത്വനം' പദ്ധതിപ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷിക്കുന്നതിനുള്ള കാലപരിധിയിൽ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി

വിദേശജീവിതം അവസാനിപ്പിച്ചെത്തിയ പ്രവാസികളിൽ സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്നവരുടെ കുടുംബങ്ങൾക്ക് അടിയന്തിര ഘട്ടങ്ങളിൽ സർക്കാരിന്റെ പിന്തുണ ഉറപ്പ് വരുത്തുന്നതിനായി നടപ്പിലാക്കിയിട്ടുള്ള ധനസഹായ പദ്ധതിയാണ് സാന്ത്വന. നിലവിൽ ഈ പദ്ധതിയുടെ വാർഷിക വരുമാന പരിധി ഒരു ലക്ഷത്തിൽ നിന്നും ഒന്നരലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. 2021 സാമ്പത്തിക വർഷത്തിൽ 27 കോടി രൂപ ചെലവഴിച്ച് 4445 ഗുണഭോക്താക്കൾക്ക് ഈ പദ്ധതിപ്രകാരം ധനസഹായം നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം സാന്ത്വന പദ്ധതി വിഹിതം 30 കോടി രൂപയായി ഉയർത്തിയത് വഴി കൂടുതൽ ഗുണഭോക്താക്കളെ പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്താൻ കഴിയുന്നതാണ്.

കോവിഡ് -19 സൃഷ്ടിച്ച നിലവിലെ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ അപേക്ഷിക്കുന്നതിനുള്ള കാലപരിധിയിൽ മാറ്റം വരുത്തണമെന്ന സമിതിയുടെ ശിപാർശ നടപ്പിലാക്കുവാൻ നിർവ്വാഹമില്ല.

(കേരളീയ പ്രവാസികാര്യ വകുപ്പ് 10.08.2021-ലെ ബി2/151/2017-നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 01.09.2021-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.

**സമിതി ആരാഞ്ഞ അധികവിവരം**

കോവിഡ് -19 സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ സാന്ത്വന പദ്ധതിയ്ക്കായി അപേക്ഷിക്കുന്നതിനുള്ള കാലപരിധിയിൽ മാറ്റം വരുത്തുവാൻ നിർവ്വാഹമില്ല എന്ന സർക്കാർ നിലപാട് പുനഃപരിശോധിക്കുക.

**അധികവിവരത്തിന്മേൽ കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി**

വിദേശജീവിതം അവസാനിപ്പിച്ചെത്തിയവരിൽ സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്നവർക്കും, അവരുടെ കുടുംബങ്ങൾക്കും അടിയന്തിര ഘട്ടങ്ങളിൽ സർക്കാരിന്റെ പിന്തുണ ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയിട്ടുള്ള ധനസഹായപദ്ധതിയാണ് സാന്ത്വന. സംസ്ഥാനം അഭിമുഖീകരിക്കുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ സാന്ത്വന പദ്ധതിയ്ക്കായി അപേക്ഷിക്കാനുള്ള കാലപരിധിയിൽ ഇളവനുവദിക്കണമെന്ന സമിതിയുടെ ശിപാർശ ഇപ്പോൾ നടപ്പിലാക്കുവാൻ നിർവ്വാഹമില്ല. ഇളവ് അനുവദിക്കുന്നപക്ഷം അപേക്ഷകരുടെ എണ്ണം ഒരുപാട് വർദ്ധിക്കുമെന്നതിനാൽ നിലവിലുള്ള അർഹത മാനദണ്ഡങ്ങൾ പാലിക്കുന്ന അപേക്ഷകർക്ക് പോലും ധനസഹായം നിഷേധിക്കേണ്ടിവരുന്ന സാഹചര്യമുണ്ടാകും. മാത്രമല്ല, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഉൾപ്പെടെയുള്ള എല്ലാ ജനവിഭാഗങ്ങൾക്കും ബാധകമായ ആശ്വാസ പദ്ധതികളിലൂടെ ഇത്തരത്തിലുള്ള അപേക്ഷകർക്ക് സർക്കാർ സഹായം ഉറപ്പുവരുത്തുവാനും സാധിക്കും.

(കേരളീയ പ്രവാസികാര്യ വകുപ്പ് 08.11.2023-ലെ ബി2/350/2023-നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 20.12.2023-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

## ശിപാർശ-24 (ഖണ്ഡിക-34)

കർശനമായ നിയമവ്യവസ്ഥകൾ നിലനിൽക്കുന്ന ജി.സി.സി. രാഷ്ട്രങ്ങളിൽ (ഗൾഫ് കോർപ്പറേഷൻ കൗൺസിൽ) തങ്ങളുടേതല്ലാത്ത കുറ്റങ്ങൾമൂലവും, നിസ്സാരമായ കുറ്റങ്ങൾക്കും ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് അർഹമായ നിയമപരിരക്ഷ ലഭിക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. വിദേശ ജയിലുകളിലെ പ്രവാസികൾക്കായി പ്രഖ്യാപിച്ച പ്രവാസി നിയമ സഹായ പദ്ധതി കേരളത്തിനുമാത്രം നൽകുന്ന പദ്ധതിയായതുമൂലം ഇന്ത്യൻ നയതന്ത്രകാര്യാലയങ്ങളുടെ നിസ്സഹകരണത്തെ തുടർന്ന് കേന്ദ്രസർക്കാർ റദ്ദാക്കിയിട്ടുണ്ട്. ആയതിനാൽ അതിജീവനത്തിനായി കഷ്ടപ്പെടുന്ന പ്രവാസി മലയാളികൾക്കായി അവരർഹിക്കുന്ന നിയമപരിരക്ഷ ഉറപ്പുവരുത്തുന്നതിനായി പ്രവാസി നിയമസഹായ പദ്ധതി പുനഃസ്ഥാപിക്കാനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി

വിദേശരാജ്യങ്ങളിൽ നിയമകുരുക്കുകളിൽ അകപ്പെട്ട കേരളീയരായ പ്രവാസികൾക്ക് അടിയന്തര നിയമസഹായങ്ങൾ ലഭ്യമാക്കാൻ പ്രവാസി ലീഗൽ എയ്ഡ് സെൽ എന്ന പദ്ധതി നിലവിലുണ്ട്. വിവിധ തരത്തിലുള്ള നിയമ പ്രശ്നങ്ങൾ നേരിടുന്ന പ്രവാസികൾക്ക് അതാത് രാജ്യത്തെ മലയാളി അഭിഭാഷകരുടെ സൗജന്യ സേവനം ലഭ്യമാക്കുന്ന ഈ പദ്ധതിക്കായി ആറ് ജി.സി.സി. രാജ്യങ്ങളിലേക്കായി 11 ലീഗൽ കൺസൾട്ടന്റുമാരെ നിയമിച്ചു. നാളിതുവരെയായി ഇത്തരത്തിൽ ലഭ്യമായ 142 കേസുകളിൽ ഏകദേശം 70 ഓളം കേസുകൾ ലീഗൽ കൺസൾട്ടന്റുമാർക്ക് കൈമാറുകയും, നോർക്ക ലീഗൽ കൺസൾട്ടന്റിന്റെ ഇടപെടലിനെ തുടർന്ന് 4 പേർക്ക് ജയിൽ മോചനം ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. കൂടാതെ, നിരവധി കേസുകളിൽ പ്രവാസി നിയമസഹായ പദ്ധതി വഴി നിയമസഹായം നൽകാനും കഴിഞ്ഞു. എംബസ്സി/കോൺസുലേറ്റുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ സൗകര്യത്തിനായി മലയാളി ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പ് 10.08.2021-ലെ ബി2/151/2017-നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 01.09.2021-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

## ശിപാർശ-25 (ഖണ്ഡിക-35)

കുടുംബത്തിന്റെ ചുമതലകൾ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി സ്ത്രീകൾ അർഹമായ സേവന വേതന വ്യവസ്ഥകളില്ലാത്ത വ്യാജ റിക്രൂട്ടിംഗ് ഏജൻസികളുടെ പ്രലോഭനങ്ങളിൽപ്പെട്ട് മറുനാട്ടിൽ അശരണരും, പീഡിതരുമായി കഴിയുന്ന അവസ്ഥ പൂർവ്വാധികം ശക്തമായിക്കൊണ്ടിരിക്കുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത വിഷയത്തിൽ ഇടപെട്ടുവരുന്ന പ്രവാസി സംഘടനകളുടെ പ്രവർത്തനവും നോർക്ക റൂട്ട്സിന്റെ ദ്രുതനടപടി സമീപനവും മികവുറ്റതാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ വ്യാജ റിക്രൂട്ടിംഗ് ഏജൻസികളുടെ തെറ്റായ തൊഴിൽ വാഗ്ദാനങ്ങളിൽ ഉൾപ്പെടാതിരിക്കുന്നതിന് മാധ്യമങ്ങൾ വഴിയും മറ്റ് വിവരസാങ്കേതിക മാർഗ്ഗങ്ങളിലൂടെയും ശരിയായ ബോധവത്കരണം വേണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ വിദേശത്തുള്ള സംഘടനകളുമായി കൂടുതൽ യോജിച്ച് പ്രവർത്തിച്ച് ഊർജ്ജസ്വലമായ നീക്കങ്ങൾ ഈ രംഗത്ത് വകുപ്പ് നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി

ദൃശ്യ-ശ്രവണ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങൾ, സിനിമാ തീയറ്ററുകളിലെ ബോധവത്ക്കരണ പരസ്യങ്ങൾ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ എന്നിവ വഴിയും വിദേശത്തുള്ള പ്രവാസി മലയാളി സംഘടനകളുമായി സഹകരണത്തോടെയും വ്യാജ റിക്രൂട്ടിംഗ് ഏജൻസികളുടെ തൊഴിൽ വാഗ്ദാനങ്ങളിൽ ഉൾപ്പെടാതിരിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണം നടത്തുന്നുണ്ട്. വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് തുടങ്ങിയവയ്ക്കെതിരെയുള്ള ബോധവൽക്കരണം ഉൾപ്പെടെയുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച കേന്ദ്ര വിദേശകാര്യവകുപ്പിന്റെ പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ബോധവത്ക്കരണം നടത്തുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ലോക കേരള സഭാംഗങ്ങൾ, വിദേശത്ത് പ്രവർത്തിക്കുന്ന പ്രമുഖ മലയാളി സംഘടനകൾ/വോളന്റിയർമാർ എന്നിവരുടെ സേവനം ഇതിനായി പ്രയോജനപ്പെടുത്തിവരുന്നു.

(കേരളീയ പ്രവാസികാര്യ വകുപ്പ് 10.08.2021-ലെ ബി2/151/2017-നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 01.09.2021-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

## അധ്യായം - II

## സമിതി ആരാഞ്ഞ അധികവിവരത്തിന്മേൽ വകുപ്പ് നൽകിയ മറുപടിയിന്മേലുള്ള തുടർശിപാർശ

### ശിപാർശ-17 (ഖണ്ഡിക-27)

അർദ്ധ ജുഡീഷ്യൽ അധികാരത്തോടുകൂടിയ പ്രവാസി കമ്മീഷൻ പ്രവാസികളെ സംബന്ധിച്ചിടത്തോളം വലിയൊരാശ്വാസമാണെന്ന് സമിതി കരുതുന്നു. പ്രവാസി മലയാളികളുമായി ബന്ധപ്പെട്ടുവരുന്ന വിഷയങ്ങളിൽ പോലീസ് അധികാരികൾക്ക് നൽകുന്ന പരാതി സംബന്ധിച്ച് നടപടികൾ സ്വീകരിക്കാതിരിക്കുകയോ ഇഴഞ്ഞുനീങ്ങുകയോ ചെയ്യുന്ന അവസ്ഥ പലപ്പോഴും സംജാതമാകുന്നതായ പരാതികൾ വ്യാപകമായി നിലനിൽക്കുന്നു. ഇത്തരം സാഹചര്യത്തിൽ പ്രവാസി കമ്മീഷന്റെ പ്രവർത്തനം ശ്രദ്ധേയമാകുന്നു. പരാതികൾ സംബന്ധിച്ച് കമ്മീഷന്റെ തീരുമാനങ്ങൾ നടപ്പാക്കാൻ സർക്കാരും പോലീസും ബാധ്യസ്ഥരായിരിക്കും. എന്നാൽ സംസ്ഥാന സർക്കാർ കമ്മീഷനെ നിയമിച്ചെങ്കിലും ചില സാങ്കേതിക പ്രശ്നങ്ങളാൽ കമ്മീഷൻ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. അർദ്ധ ജുഡീഷ്യൽ അധികാരത്തോടുകൂടിയ പ്രവാസി കമ്മീഷന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിച്ച് കാര്യക്ഷമമമായി മുന്നോട്ടുകൊണ്ടുപോകാനുള്ള നടപടികൾ സ്വീകരി-ക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

### കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി

പ്രവാസി ഭാരതീയരായ കേരളീയർക്കു വേണ്ടി സംസ്ഥാനത്തിനുള്ളിൽ അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും സുരക്ഷിതത്വത്തിനും, അവരുടെ ക്ഷേമത്തിനാവശ്യമായ പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനുമായി 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ആക്ട് പ്രകാരം സംസ്ഥാനത്ത് ഒരു കമ്മീഷൻ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. പ്രസ്തുത കമ്മീഷൻ മുമ്പാകെ ലഭ്യമാകുന്ന പരാതികളിൽ തീർപ്പുണ്ടാക്കുന്നതിനായി സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിലായി രണ്ടു മാസത്തിലൊരിക്കൽ

അദാലത്തുകളും യോഗങ്ങളും സംഘടിപ്പിച്ചു വന്നിരുന്നു. കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഇവ വളരെയധികം സഹായിച്ചിട്ടുണ്ട്. എന്നാൽ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ഇപ്പോൾ ഇത്തരം അദാലത്തുകൾ നടത്തുവാൻ കഴിയുന്നില്ല

(കേരളീയ പ്രവാസികാര്യ വകുപ്പ് 10.08.2021-ലെ ബി2/151/2017-നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 01.09.2021-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

**അധിക വിവരം**

കളക്ടർ ചെയർമാനായ പ്രവാസികാര്യ സമിതിയിൽ ഒരു ജില്ലാ പോലീസ് അംഗത്തെക്കൂടി ഉൾപ്പെടുത്തുകയും പ്രസ്തുത സമിതിയിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തുവാൻ സാധിക്കുമോയെന്നത് പരിശോധിക്കുകയും ചെയ്യുക.

**അധിക വിവരത്തിന്മേൽ കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി**

പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങളുടെ സത്വര പരിഹാരത്തിനായുള്ള ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റികളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ജില്ലാ പോലീസ് മേധാവിയെയും, ജനപ്രതിനിധികളായി, തിരികെ വന്ന പ്രവാസികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വനിതാ അംഗം ഉൾപ്പെടെ മൂന്ന് പ്രതിനിധികളെയും പ്രസ്തുത കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രസ്തുത ശിപാർശയിന്മേൽ സമിതി ആരാഞ്ഞ അധികവിവരത്തിന്മേൽ കേരളീയ പ്രവാസികാര്യ വകുപ്പ് 08.11.2023-ലെ ബി2/350/2023-നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 20.12.2023-ലെ യോഗത്തിൽ പരിഗണിക്കുകയും മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു.

**തുടർശിപാർശ**

**ജില്ലാ പ്രവാസികാര്യ സമിതിയിൽ നിയമസഭയിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും തെരഞ്ഞെടുക്കപ്പെട്ട ഓരോ ജനപ്രതിനിധികളെ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

തിരുവനന്തപുരം
2024 ഫെബ്രുവരി 13

എ.സി. മൊയ്തീൻ,
അദ്ധ്യക്ഷൻ,
പ്രവാസി മലയാളികളുടെ
ക്ഷേമം സംബന്ധിച്ച സമിതി.